# അംബിക മേസ്തിരിയുടെ വർത്തമാനങ്ങൾ

സി.ആർ. നീലകണ്ഠൻ നമ്പൂതിരി

"ദയവായി നിങ്ങളെന്നെ ഇനി അംബിക മേസ്തിരി എന്നു വിളിച്ചാൽ മതി" ആലപ്പുഴ ജില്ലയിൽ രൂപം കൊണ്ടിട്ടുള്ള വനിതാ കെട്ടിടനിർമ്മാണ തൊഴിലാളി യൂണിറ്റിലെ അംബികയെ 'അംബികേച്ചി' എന്നു വിളിച്ചപ്പോൾ കിട്ടിയ മറുപടിയാണിത്. രംഗം: ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള സംസ്ഥാനപരിശീലനം. വിവിധ രംഗങ്ങളിൽപ്പെട്ട നാനൂറോളം സ്ത്രീകളും നൂറ് പുരുഷൻമാരും പങ്കെടുക്കുന്ന സ്ത്രീശാക്തീകരണക്യാമ്പ്. സ്വദേശിയും വിദേശിയുമായ സ്ത്രീ വിമോചന ഗ്രന്ഥങ്ങൾ വായിച്ച താത്വിക ജ്ഞാനവുമായി സ്ത്രീകളെ ബോധവൽക്കരിച്ച് ശാക്തീകരിക്കാൻ വേണ്ടി എത്തിയിട്ടുള്ള 'ഫാൽക്കട്ടി' കളിൽ ഒരാളായ ഈ ലേഖകന് ഈ അ[illegible]യുടെ പൊരുൾ പെട്ടെന്ന് പിടികിട്ടിയില്ല. ഏറെ ആദരവോടെ 'അംബികേച്ചി' എന്ന എന്റെ വിളി അവർക്ക് സ്വീകാര്യമാകാഞ്ഞതെന്തേ?

കാർഷിക മേഖലയിലെ നാശംമൂലവും വരുമാനക്കുറവുമൂലവും കൂടുതൽ പച്ചയായ മേച്ചിൽപ്പുറങ്ങൾ തേടിയാണ് സ്ത്രീപുരുഷൻമാർ കെട്ടിടനിർമ്മാണമേഖലയിൽ എത്തിപ്പെട്ടത്.

"കൂടുതൽ കനപ്പെട്ട ജോലികൾ ചെയ്തിട്ടും സ്ത്രീകൾക്ക് കുറഞ്ഞ കൂലി മാത്രമേ കിട്ടാറുള്ളൂ. ഇതൊരു തകരാറായി ആരും കാണാറില്ല." സ്ത്രീകൾ ഇവിടെ മെയ്ക്കാടുകൾ(കൂലിപ്പണിക്കാർ - മേസ്തിരിയുടെ സഹായികൾ) മാത്രം. "മെയ്ക്കാടായി വരുന്ന പുരുഷൻമാർ മിക്കവരും താമസിയാതെ മേസ്തിരിമാരാകും. പണിപഠിച്ച് സ്വന്തമായി ചെയ്യും. പക്ഷെ പെണ്ണുങ്ങൾ തുടക്കംമുതൽ ഒടുക്കംവരെ മെയ്ക്കാടുകൾ തന്നെ." ഇത് "സാങ്കേതിക" വിദ്യയുടെ പുരുഷാധിപത്യമേൽക്കൈ എന്ന മറിമായം. ഇതുമൂലം സ്ത്രീകൾ മേസ്തിരിയാകാറെയില്ല.

"പണിക്കാരെ മേയ്ക്കാടുകളാക്കണമെന്ന് തീരുമാനിക്കുന്നത് മേസ്തിരി. അപ്പോൾ അയാളുടെ മുന്നിൽ നല്ലവരും വേണ്ടപ്പെട്ടവരുമാകാൻ ശ്രമിക്കലാണ് മെയ്ക്കാട് സ്ത്രീകളുടെ ലക്ഷ്യം. അതിനുവേണ്ടി (ജീവിക്കാൻ തൊഴിലിനുവേണ്ടി) ചില വൃത്തികെട്ട പണികൾ ചെയ്യേണ്ടിവരും സ്ത്രീകൾക്ക്." ഇതുപറയുമ്പോൾ അംബികേച്ചിയുടെ(അല്ല അംബികമേസ്തിരിയുടെ) കണ്ണിൽ തിളക്കമോ നനവോ കണ്ടു.

"പലരും എതിർക്കും. പക്ഷെ പിന്നെ വല്ല്യവിഷമമാണ് പണി കിട്ടാൻ." ഇതു സംബന്ധിച്ച് 'അരപ്പണി, മുഴുവൻപണി' തുടങ്ങിയ ഒട്ടേറെ (എ) ഫലിതങ്ങൾ നിർമ്മാണരംഗത്തു പ്രസിദ്ധമാണ്. ഈ രണ്ടു പണിയും ചെയ്താൽ കിട്ടുന്നതോ അതിനേക്കാളേറെയോ ഇടവേളപ്പണി മാത്രം ചെയ്താൽ കിട്ടുമെന്നതിനാൽ ഞാൻ 'ലൈംഗിക തൊഴിലാളി'യായെന്ന് ഒരു സ്ത്രീ ഒരു ചാനലിന്റെ സംവാദത്തിൽ പറഞ്ഞതിന്റെ ഞെട്ടൽ തൃശ്ശൂരിനു മാറിയിട്ടില്ല. ഇവിടെയാണ് "അംബിക മേസ്തി" എന്നതിന്റെ മാഹാത്മ്യം നാം അറിയുന്നത്. പൃണിൽനിന്ന് കളക്ടറോ പഞ്ചായത്തംഗത്തിൽനിന്നും എം. എൽ. എയോ ആകുന്നതിന്റെ എത്രയോ മടങ്ങ് വളർച്ചയാണ് മെയ്ക്കാടിൽനിന്നും മേസ്തിരിയിലേക്കുള്ളത്.

ഇത് സ്ത്രീ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്കെല്ലാം (ലേഖകനടക്കം)

(ശേഷം 5-ാം പേജിൽ,



ചിത്രീകരണം: രാജൻകൃഷ്ണൻ

# അംബിക മേസ്തിരിയുടെ....

1-ാം പേജിൽ നിന്നും തുടർച്ച

ഒരു പാഠമാകേണ്ടതാണ്. ഇന്ന് പ്രതിരോധത്തിൽ മാത്രമൂന്നിയതാണ് നമ്മുടെ പ്രവർത്തനങ്ങൾ. സ്ത്രീപീഡനങ്ങൾ, തൊഴിലിടങ്ങളിലെ ലൈംഗികചൂഷണം, വിശാഖാ റിപ്പോർട്ട് എന്നിങ്ങനെ പോകുന്നു. ചുരുക്കത്തിൽ ഈ പ്രവർത്തനങ്ങളുടെ അജണ്ട നിശ്ചയിക്കുന്നത് നമ്മളല്ല, പീഡകരാണ്.

കൂടുതൽ സ്ത്രീകൾ ജോലിചെയ്യുന്ന അസംഘടിതമേഖലയിൽ ഈ പ്രവർത്തനങ്ങൾക്കും നിയമങ്ങൾക്കും പ്രസക്തിയില്ലെന്നതു വേറെ കാര്യം. മറിച്ച് ആക്രമണമാണ് ഏറ്റവും നല്ല പ്രതിരോധം എന്ന തിരിച്ചറിയപ്പെടണം എന്നുതോന്നുന്നു.

തിരുവനന്തപുരത്തിനടുത്തുള്ള തീരദേശഗ്രാമത്തിലെ ഒരു പെൺകുട്ടി പീഡിപ്പിക്കപ്പെട്ടപ്പോൾ അതിനെതിരായി ആയിരത്തിലധികം സ്ത്രീകൾ പോലീസ്‌സ്റ്റേഷൻ മാർച്ച് നടത്തി. അത് രാഷ്ട്രീയ സാമൂഹ്യസംഘടനകളോ സ്ത്രീ പ്രസ്ഥാനക്കാരോ സംഘടിപ്പിച്ചതല്ല. അവിടത്തെ സ്വാശ്രയ സംഘത്തിലെ സ്ത്രീകളുടെ പെട്ടന്നുണ്ടായ തീരുമാനമാണ്. പുരുഷന്റേതു മാത്രമായ മേഖലയിൽ, അതുവഴി സ്ത്രീകളെ ചൂഷണം ചെയ്യാൻ *കഴിയുന്ന സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തെ തടയാൻ സ്ത്രീകൾ അവിടെയെത്തുന്നതു തന്നെ പ്രധാനം. അതിനായി സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കേണ്ടതും പ്രധാനം. പക്ഷെ ഇതിന് 'സ്ത്രീ വിമോചനം' ഒഴിവുസമയവിനോദമായി കാണുന്നവർക്കാവില്ല.(ഇന്ന് എല്ലാ രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തനങ്ങളും ഒഴിവുസമയവിനോദം തന്നെയാണല്ലോ.) സ്ത്രീകളോട് അവരുടെ ദൈനംദിനജീവിത പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് സംവദിക്കാൻ ഇടവേളകൾ മാത്രം പോരാ. പീഡനങ്ങളെപ്പറ്റി വൈകാരികമായി സംസാരിക്കുമ്പോൾ കേൾക്കാൻ സ്ത്രീപുരുഷൻമാർ കൂടുമെങ്കിലും സംഘടിതപ്രതികരണത്തിലേക്കു നയിക്കാൻ അതിന് കഴിയുന്നില്ലെന്നതാണ് 'അംബികാ മേസ്തിരിയുടെ വർത്തമാനങ്ങൾ' നമ്മോടു പറയുന്നത്.